CYAN MAGENTA YELLO BLACK

# കുടുംബശ്രീ

തദ്ദേശസ്വയംഭരണ വകുപ്പ്

2010 ജൂൺ 1
തിരുവനന്തപുരം
ലക്കം 17

## വാർത്താപത്രിക

email: info@kudumbashree.org
www.kudumbashree.org

# ആഘോഷപ്പൊലിമയിൽ കുടുംബശ്രീക്ക് 12-ാം പിറന്നാൾ



**സ്**ത്രീശാക്തീകരണത്തിന്റെ ഉത്തമ മാതൃകയായ കുടുംബശ്രീയുടെ പന്ത്രണ്ടാം സംസ്ഥാനതല വാർഷികം എറണാകുളത്ത് വിപുലമായി ആഘോഷിച്ചു. സാമ്പത്തികശാക്തീകരണത്തിലൂടെ കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാൻ പ്രതിജ്ഞയെടുത്തുകൊണ്ടാണ് കുടുംബശ്രീയുടെ 12-ാം വാർഷിക സമ്മേളനം സമാപിച്ചത്. മറൈൻ ഡ്രൈവിൽ നടന്ന പൊതുസമ്മേളനത്തിൽ പതിനായിരക്കണക്കിന് സ്ത്രീകളാണ് പങ്കെടുത്തത്. ജാതി മത ഭേദമന്യേ കക്ഷി രാഷ്ട്രീയങ്ങൾക്ക് അതീതമാണ് പെൺകൂട്ടായ്മ എന്ന സന്ദേശം വിളിച്ചോതുന്നതായിരുന്നു രണ്ടു ദിവസം നീണ്ടുനിന്ന കുടുംബശ്രീ വാർഷികാഘോഷം. രാജേന്ദ്രമൈതാനം മുതൽ മറൈൻ ഡ്രൈവ് വരെ അണിനിരന്ന റാലിയോടെ ആരംഭിച്ച ആഘോഷപരിപാടി നിയമസഭ സ്പീക്കർ കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ കേന്ദ്ര കൃഷിവകുപ്പ് സഹമന്ത്രി കെ.വി.തോമസ് മുഖ്യാതിഥി ആയിരുന്നു.

സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് കുടുംബശ്രീ നടത്തിയ പ്രവർത്തനം അത്ഭുതാവഹമാണെന്ന് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. സ്ത്രീകൾക്ക് അധികാരവും സമ്പത്തും വഴങ്ങില്ലെന്ന പൊതുധാരണയെ കുടുംബശ്രീ മാറ്റി മറിച്ചുവെന്ന് സ്പീക്കർ കെ.രാധാകൃഷ്ണൻ പറഞ്ഞു. 12 വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെറ്റുകൾ തിരുത്തി മാറ്റത്തിന്റെ മറ്റൊരു കേരള മോഡൽ സൃഷ്ടിക്കണമെന്നും അദ്ദേഹം പറഞ്ഞു. വികസനപ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞെന്ന് പൈൻശ്രീ പൈനാപ്പിൾ ജ്യൂസിന്റെ വിതരണോദ്ഘാടനം നിർവഹിച്ച് കെ.വി.തോമസ് പറഞ്ഞു. ആലുവ മുൻസിപ്പൽ ചെയർപേഴ്സൺ സ്മിത ഗോപി പൈൻശ്രീയുടെ ആദ്യ പായ്ക്ക് ഏറ്റുവാങ്ങി. മികച്ച പത്ത് സിഡിഎസുകൾക്ക് രണ്ടരലക്ഷം രൂപയും ട്രോഫിയുമടങ്ങുന്ന പുരസ്കാരം പാലോളി മുഹമ്മദ്കുട്ടി നൽകി.

സാമ്പത്തിക സാക്ഷരതാ പ്രചരണോദ്ഘാടനവും കൈപ്പുസ്തക പ്രകാശനവും കൂടുതൽ വായ്പ നല്കിയ ബാങ്കുകൾക്കുള്ള പുരസ്കാരദാനവും മന്ത്രി ടി.എം.തോമസ് ഐസക് നിർവഹിച്ചു. സംഘകൃഷി കൂട്ടായ്മയ്ക്കുള്ള രണ്ടു ലക്ഷം രൂപയും ശില്പവും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡ് മന്ത്രി ജോസ് തെറ്റയിൽ നൽകി. കൂടാതെ കുടുംബശ്രീ മാസികയുടെ പ്രത്യേക പതിപ്പും അദ്ദേഹം പ്രകാശനം ചെയ്തു. കുടും ബശ്രീയുടെ പദ്ധതികളെക്കുറിച്ചുള്ള മൂന്ന് ഹ്രസ്വ ചിത്രങ്ങൾ മേഴ്സി വില്യംസ് പ്രകാശനം ചെയ്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാമുരളീധരൻ റിപ്പോർട്ട് അവതരിപ്പിച്ചു.

കെ.പി. ധനപാലൻ എം.പി, എം.എൽ.എമാരായ എം.എം.മോനായി, എ.എം.യൂസഫ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി.എസ്.ഷൈല, എറണാകുളം ജില്ലാ കോ-ഓർഡിനേറ്റർ കെ.കെ. രവി തുടങ്ങിയവർ സംസാരിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് സ്ത്രീശക്തി സമ്മേളനം, വിപണനമേള, പ്രദർശനം, കലാപരിപാടികൾ എന്നിവയും സംഘടിപ്പിച്ചു.

ചരിത്രത്തിലാദ്യമായി കുടുംബശ്രീയുടെ പഞ്ചായത്തുതല സമിതിയായ സിഡിഎസിന്റെ മുഴുവൻ പ്രതിനിധികളും ഒത്തുചേർന്ന പ്രത്യേക കൺവെൻഷൻ 12-ാം വാർഷിക സമ്മേളനത്തിന്റെ സവിശേഷതയായി. കുടുംബശ്രീയുടെ ഭാവി പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് പത്ത് വിഷയങ്ങളിലായി ചർച്ചകൾ നടത്തി. സാമ്പത്തിക, സാമൂഹ്യ, സ്ത്രീശാക്തീകരണ മേഖലകളിൽ അനിവാര്യ ശക്തിയായി കുടുംബശ്രീ മാറുമെന്ന സൂചനയാണ് കൺവെൻഷൻ നൽകിയത്. കൃഷി, ഭക്ഷ്യസുരക്ഷ, സൂക്ഷ്മ സംരംഭ വികസനം, മാലിന്യ നിർമ്മാർജ്ജനം, അഗതി പുനഃരധിവാസം തുടങ്ങി വ്യത്യസ്ത പ്രവർത്തനങ്ങൾ കുടുംബശ്രീ ഏറ്റെടുക്കുന്നതിന്റെ അനുഭവസാക്ഷ്യങ്ങൾ ആയിരുന്നു കൺവെൻഷന്റെ പ്രത്യേകത.

ഇതിനോടനുബന്ധിച്ച് കുടുംബശ്രീയുടെ പ്രത്യേക പദ്ധതിയായ ബഡ്സ് സ്കൂൾ, ദേശീയ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച ഡോക്യുമെന്ററി പ്രദർശനവും ഉണ്ടായിരുന്നു. ഇപ്പോൾ ഉണ്ടായിട്ടുള്ള സാമ്പത്തിക കുതിച്ചുചാട്ടം നിലനിർത്തുവാൻ കഴിയുന്ന വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും പാർശ്വൽകരിക്കപ്പെട്ട വരെ കുടുംബശ്രീയുടെ മുഖ്യ കാര്യപരിപാടിയിൽ നിലനിർത്തുമെന്നും ബാല പഞ്ചായത്തുകളെ അവകാശാധിഷ്ഠിത സ്ഥാപനങ്ങളാക്കി മാറ്റുമെന്നും സമാപന സമ്മേളനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ ശാരദാ മുരളീധരൻ പറഞ്ഞു.

കുടുംബശ്രീ ലോകത്തിന് മാതൃക: പി.കെ. ശ്രീമതി 2



അമ്പരപ്പിക്കുന്ന അനുഭവ സാക്ഷ്യങ്ങൾ 3



## കുഞ്ഞമ്മ ചേച്ചി




കുടുംബശ്രീക്ക് 2000 കോടി വായ്പ അനുവദിക്കും: മന്ത്രി തോമസ് ഐസക്

# കുടുംബശ്രീയുടെ നെൽകൃഷിയ്ക്ക് പലിശരഹിത വായ്പ- മുഖ്യമന്ത്രി

**നെ**ൽകൃഷി നടത്താൻ താത്പര്യമുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് പലിശരഹിത വായ്പ നൽകാൻ സർക്കാർ തീരുമാനിച്ചതായി മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ. കുടുംബശ്രീയുടെ 12-ാം വാർഷികത്തോടനുബന്ധിച്ച് ആലപ്പുഴ ബീച്ചിൽ നടന്ന ജനകീയ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിലവിൽ ഒരു ശതമാനം പലിശയ്ക്കാണ് വായ്പനല്കുന്നത്. ഇത് പൂർണ്ണമായും ഒഴിവാക്കും. കുടുംബശ്രീ അംഗങ്ങളിൽ നിന്ന് ഒരു ശതമാനം പലിശ വാങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾ ധനമന്ത്രി തോമസ് ഐസക്കുമായി സംസാരിച്ചതിനെ തുടർന്നാണ് പലിശ വാങ്ങേണ്ടെന്ന് തീരുമാനിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ലാഭകരമായ രീതിയിൽ നെൽകൃഷി നടത്താൻ കുടുംബശ്രീ സംഘങ്ങൾ മുന്നോട്ട് വരണം. കേരളത്തിനു വേണ്ട അരിയുടെ അഞ്ചു ശതമാനം മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. ഇത് 50 ശതമാനമാക്കുകയാണ് ലക്ഷ്യം. അരിയുടെയും



പച്ചക്കറിയുടെയും ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സംസ്ഥാനം നടപ്പിലാക്കിയ ഭക്ഷ്യസുരക്ഷാനിയമത്തിന്റെ ഫലമായി 60,000 ഏക്കർ പ്രദേശത്ത് പുതുതായി നെൽകൃഷി ആരംഭിക്കുന്നതോടൊപ്പം വീട്ടുവളപ്പുകളിൽ ഉൾപ്പെടെ പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

നെൽകൃഷി- പച്ചക്കറി ഉത്പാദന മേഖലകളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കുടുംബശ്രീയ്ക്കു കഴിയണം. പുരുഷന്മാർ കടന്നുവരാൻ മടിക്കുന്ന മേഖലകളിൽ സ്ത്രീകളുടെ മുന്നേറ്റം സമൂഹത്തിനു തന്നെ മാതൃകയാണ്. സാമ്പത്തികശാക്തീകരണം സാധ്യമാകുന്നത് പെൺകൂട്ടായ്മയിലൂടെയാണ്. എന്നാൽ നമ്മുടെ യുവാക്കളിൽ പലരും മണ്ണിൽ പണിയെടുക്കാൻ തയ്യാറല്ല എന്ന് മുഖ്യമന്ത്രി പറഞ്ഞു. മേഖലകൾ വിപുലീകരിക്കുകയും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്താൽ കുടുംബശ്രീ അംഗങ്ങൾക്ക് ഇനിയും കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കാൻ തയ്യാറാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## ഇന്ത്യയുടെ വളർച്ച സ്ത്രീശാക്തീകരണം: മന്ത്രി കെ.വി. തോമസ്

**ഇ**ന്ത്യൻ ജനാധിപത്യത്തിന്റെ വളർച്ച സ്ത്രീശാക്തീകരണം തന്നെയാണെന്ന് കേന്ദ്രകൃഷിവകുപ്പ് മന്ത്രി കെ.വി.തോമസ്. ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വികസനപ്രക്രിയയിൽ ഏറിയ പങ്കും സ്ത്രീകൾക്ക് തന്നെയാണ്. ഭക്ഷ്യ-കാർഷിക വിഭവങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിൽ നിന്നും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കാനും കഴിയും. സ്വയം ശക്തി ബലപ്പെടുത്തുന്നതു മൂലം സമൂഹത്തിൽ സംവദിക്കാനുള്ള അവസരമാണ് സ്ത്രീകൾക്ക് ലഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീയുടെ 12-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് മറൈൻ ഡ്രൈവിലെ പൊതുസമ്മേളനത്തിൽ പൈൻശ്രീ വിതരണോദ്ഘാടനം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.

# കുടുംബശ്രീക്ക് വായ്പയായി 2000 കോടി: ധനമന്ത്രി തോമസ് ഐസക്

* കുടുംബശ്രീ ഭവനശ്രീ വായ്പ ബാധ്യതകൾ സർക്കാർ ഏറ്റെടുക്കും
* പ്രൊഡ്യൂസർ കമ്പനി മാതൃകയിലുള്ള കുടുംബശ്രീകൾക്ക് 25 ലക്ഷം രൂപ അനുവദിക്കും
* പട്ടികജാതി / പട്ടികവർഗ്ഗ ട്രൈബൽ ആശ്രയയ്ക്കുള്ള ചലഞ്ച് ഫണ്ടായി 40 ലക്ഷം രൂപ അനുവദിക്കും
* തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തും



**കു**ടുംബശ്രീയ്ക്കുള്ള ബാങ്ക് വായ്പ രണ്ടു വർഷത്തിനകം ആയിരം കോടിയിൽ നിന്ന് രണ്ടായിരം കോടി രൂപയാക്കുമെന്ന് ധനമന്ത്രി തോമസ് ഐസക്. നാലു ശതമാനമായിരിക്കും ഇതിന്റെ പലിശ.

കുടുംബശ്രീ അംഗങ്ങൾക്കുള്ള ഭവനശ്രീ പദ്ധതിയുടെ ബാധ്യതകൾ പൂർണമായും സർക്കാർ ഏറ്റെടുത്ത് അടച്ചുതീർക്കും. അതിനായി ഓരോ ബാങ്കിനും നൽകേണ്ട പണം എത്രയാണെന്നു ചിട്ടപ്പെടുത്തി കുടുംബശ്രീ മിഷൻ സർക്കാരിനു നൽകണം. അതു പ്രകാരമുള്ള പണം വർഷം ആദ്യം ഒന്നിച്ച് ബാങ്കുകൾക്ക് നൽകും. പട്ടികജാതി /പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രത്യേക ആശ്രയ പദ്ധതി ഈ വർഷം നടപ്പിലാക്കും. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് ആശ്രയ ഗുണഭോക്താക്കളെ കണ്ടെത്താത്തതിന്റെ പോരായ്മ പരിഹരിക്കാനാണ് പ്രത്യേക ആശ്രയ പദ്ധതി ഈ വർഷം നടപ്പാക്കുന്നത്. ഇതിലേക്കായി 40,00,000 രൂപ ചലഞ്ച് ഫണ്ടായി അനുവദിക്കും. കുടുംബശ്രീയുടെ 12-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി എറണാകുളം മറൈൻ ഡ്രൈവിൽ ചേർന്ന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനകീയാസൂത്രണ പദ്ധതിക്കു ശേഷം സംസ്ഥാനത്തുണ്ടാകുന്ന ഏറ്റവും വലിയ മുന്നേറ്റമാണ് കുടുംബശ്രീ. ജാതി മത രാഷ്ട്രീയ ചായ്‌വുകൾക്കതീതമായി അയൽക്കാർ അംഗങ്ങളാകുന്ന പെൺകൂട്ടായ്മയാണ് കുടുംബശ്രീ എന്ന് മന്ത്രി പറഞ്ഞു.

പ്രൊഡ്യൂസർ കമ്പനി മാതൃകയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീക്ക് 25ലക്ഷം രൂപ വീതം അനുവദിക്കുമെന്ന് മന്ത്രി അറിയിച്ചു.

നവംബർ മുതൽ കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സോഷ്യൽ ഓഡിറ്റിംഗിന്റെ പ്രചരണ പ്രവർത്തനങ്ങൾ കുടുംബശ്രീ വഴി നടത്തും. നാടാകെ ഇളക്കിമറിക്കുന്ന മഹാസംഭവമായിരിക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

അദൃശ്യമായ സ്ത്രീയുടെ പങ്കിനെ ദൃശ്യവത്ക്കരിച്ചത് കുടുംബശ്രീയാണെന്നും അധികാരവികേന്ദ്രീകരണത്തിന്റെ രൂപീകരണ ശക്തിയാകാനും വികസന പ്രക്രിയയിൽ പങ്കാളിയാകാനും കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# കുടുംബശ്രീയുടേത് അത്ഭുതകരമായ മുന്നേറ്റം - മന്ത്രി പാലോളി




**വ**നിതാ വികസനത്തിനും സ്ത്രീശാക്തീകരണത്തിനും അത്ഭുതകരമായ മുന്നേറ്റം നടത്തുവാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി. കാർഷിക മേഖലയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുവാൻ കുടുംബശ്രീക്ക് കഴിഞ്ഞു. അനാവശ്യമായ പ്രചാരങ്ങൾ കുടുംബശ്രീയെ ബാധിക്കില്ലെന്നും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് കുടുംബശ്രീ നടത്തിയ പ്രവർത്തനം അത്ഭുതാവഹമാണെന്നും മന്ത്രി പറഞ്ഞു. നേട്ടങ്ങൾ നിലനിർത്തുന്നതോടൊപ്പം പുതിയ മേഖലകൾ കണ്ടെത്തി കുടുംബശ്രീക്ക് ഇടപെടാനാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തിലെ 37 ലക്ഷത്തിലധികം വനിതകൾ അംഗമായിട്ടുള്ള കുടുംബശ്രീ പ്രസ്ഥാനം അറുപതിനായിരത്തിൽപരം ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കി ഭക്ഷ്യസുരക്ഷാമേഖലയിൽ രാജ്യത്തിനു തന്നെ മാതൃകയായിട്ടുണ്ട്. സ്ത്രീശാക്തീ കരണത്തിനു വേണ്ടി ഒട്ടേറെ പ്രസ്ഥാനങ്ങൾ ഉണ്ടെങ്കിലും കുടുംബശ്രീ തികച്ചും വ്യത്യസ്തമാ ണെന്നും; അതിനാലാണ് ലക്ഷ്യ -പ്രാപ്തിയിൽ എത്താൻ കുടുംബശ്രീയ്ക്ക് സാധിച്ചതെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീയിലൂടെ തൊഴിലുറപ്പ് പദ്ധതി കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ ഇന്ത്യയ്ക്ക് മാതൃകയാകാൻ കുടുംബശ്രീയ്ക്ക് കഴിയണമെങ്കിൽ എല്ലാ വിഭാഗം ജനങ്ങളുടെ പിന്തുണയും ആവശ്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## മികച്ച സി ഡി എസുകൾക്ക് അവാർഡ്

**മി**കച്ച പ്രവർത്തനം കാഴ്ച വെച്ച കുടുംബശ്രീ സിഡിഎസുകൾക്കുള്ള സംസ്ഥാനതല അവാർഡ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നൽകി. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമുള്ള അഞ്ചു വീതം സിഡിഎസുകളാണ് അവാർഡിനായി തെരഞ്ഞെടുത്തത്. രണ്ടര ലക്ഷം രൂപയും പ്രശസ്തിപത്രവും ട്രോഫിയുമടങ്ങുന്നതായിരുന്നു അവാർഡ്. സാമൂഹ്യ-സാമ്പത്തിക-സ്ത്രീശാക്തീകരണ മേഖലകളിൽ കാഴ്ചവെച്ച സ്തുത്യർഹ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് അവാർഡ്.

പഞ്ചായത്ത് സിഡിഎസുകൾ- നെന്മേനി, പനമരം(വയനാട്), നെടുങ്കണ്ടം (ഇടുക്കി) കിനാനൂർ കരിന്തളം (കാസർഗോഡ്), തില്ലങ്കേരി (കണ്ണൂർ) നഗരസഭാ സിഡിഎസുകൾ- കൂത്തുപറമ്പ്, മട്ടന്നൂർ (കണ്ണൂർ), ചാവക്കാട്(തൃശൂർ), കാഞ്ഞങ്ങാട് (കാസർഗോഡ്), മലപ്പുറം (മലപ്പുറം). എറണാകുളം ജില്ലയിലെ തിരുവാണിയൂർ, ബേദഡുക്ക എന്നീ പഞ്ചായത്ത് സിഡിഎസുകളെ പ്രത്യേക പുരസ്ക്കാരത്തിനും തെരഞ്ഞെടുത്തു.

കാർഷിക മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച കണ്ണൂർ ജില്ലയിലെ ചെറുപുഴ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, തൃശൂർ ജില്ലയിലെ വേളൂക്കര, എറണാകുളം ജില്ലയിലെ പാമ്പാക്കുട, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ എന്നീ പഞ്ചായത്തുകൾക്കും അവാർഡ് നൽകി.

# കുടുംബശ്രീ ലോകത്തിന് മാതൃക: പി.കെ. ശ്രീമതി

**സ്**ത്രീകൾക്ക് എതിരായ അക്രമങ്ങൾക്കെതിരെ കുടുംബശ്രീ പ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് ആരോഗ്യ സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ പറഞ്ഞു. കുടുംബശ്രീ 12-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി മഹാരാജാസ് കോളേജിൽ നടന്ന പ്രത്യേക കൺവെൻഷനിൽ സംസാരിക്കുകയായിരുന്നു മന്ത്രി. അക്രമങ്ങൾക്കെതിരായ ജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ കുടുംബശ്രീ തയ്യാറാകണം. ഒരു വ്യാഴവട്ടക്കാലം കുടുംബത്തിന്റെ ഭദ്രതയ്ക്കു വേണ്ടി പൊരുതിയ പ്രസ്ഥാനമായ കുടുംബശ്രീ ലോകത്തിന് മാതൃകയാണെന്ന് മന്ത്രി പറഞ്ഞു.

തേങ്ങയിടുന്നതു മുതൽ വളയം പിടിക്കാൻ വരെ ഇപ്പോൾ സ്ത്രീകൾ മുന്നോട്ടു വരുന്നുണ്ട്. കുടുംബശ്രീയുടെ സ്പർശമേൽക്കാത്ത ഒരു തൊഴിൽ മേഖലപോലും കേരളത്തിൽ ഇല്ല. പതിനായിരകണക്കിന് കുടുംബങ്ങളുടെ നട്ടെല്ലായി സ്ത്രീകൾ മാറിക്കൊണ്ടിരിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകൾക്ക് 50 ശതമാനം സംഭരണം ഏർപ്പെടുത്തി ചരിത്രം കുറിച്ചു. വിധവാ പെൻഷൻ ഉയർത്തി, ബുദ്ധിമാന്ദ്യം ഉള്ളവരുടെ കുടുംബത്തിനും കൂടെയുള്ള സഹായിക്കും 300 രൂപ വീതം മാസം നൽകാൻ തീരുമാനിച്ചു. അവിവാഹിതരായ അമ്മമാർക്ക് 300 രൂപ മാസത്തിൽ നൽകും. യാത്ര



ചെയ്യുന്ന സ്ത്രീകൾക്ക് താമസ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഷെൽട്ടറുകൾ നിർമ്മാക്കാൻ മൂന്നു ലക്ഷം രൂപ വരെ അനുവദിക്കും. മൂന്നു സെന്റ് സ്ഥലമെങ്കിലും ലഭ്യമാക്കിയാൽ ഈ തുക മറ്റു നിബന്ധനകളൊന്നും ഇല്ലാതെ കൈമാറാൻ ഒരുക്കമാണെന്നും മന്ത്രി പറഞ്ഞു.

നാടിന്റെ പുരോഗതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ കുടുംബശ്രീയിക്ക് കഴിയണമെന്ന് മന്ത്രി പറഞ്ഞു. ധനമന്ത്രി തോമസ് ഐസക്, പ്രൊഫ. പി.കെ.രവീന്ദ്രൻ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ അധ്യക്ഷത വഹിച്ചു. സാമൂഹിക സാമ്പത്തിക സ്ത്രീശാക്തീകരണ മേഖലയിൽ മികച്ച പ്രകടനം കാഴ്ച വെച്ച സി ഡി എസ്സുകൾക്കുള്ള ജില്ലാതല അവാർഡ് മന്ത്രി പി.കെ. ശ്രീമതി നല്കി.

കുടുംശ്രീയുടെ പഞ്ചായത്തുതല സമിതിയായ സിഡിഎസിന്റെ ആയിരം പ്രതിനിധികൾ പങ്കെടുത്ത കൺവെൻഷനിൽ ലിഡാ ജേക്കബ്, ലീലാ മേനോൻ, കെ.പി.കണ്ണൻ, ആർ.വി.ജി. മേനോൻ എന്നിവർ വിദഗ്ദ്ധരുടെ പാനലിൽ പങ്കെടുത്തു. കുടുംബശ്രീ ചരിത്രത്തിൽ ആദ്യമായാണ് മുഴുവൻ സിഡിഎസ് പ്രതിനിധികളും ഒരുമിച്ച് ചേർന്നുള്ള കൺവെൻഷൻ സംഘടിപ്പിക്കുന്നത്.

കുടുംബശ്രീ

CYAN MAGENTA YELLO BLACK



# അമ്പരപ്പിക്കുന്ന അനുഭവ സാക്ഷ്യങ്ങൾ



നൂറുവയസ്സായ അപ്പച്ചന് വീട്, എച്ച്.ഐ.വി. പോസിറ്റീവായ കുട്ടികൾക്ക് അഭയം, സംഘകൃഷിക്ക് ഫണ്ട് അനുവദിക്കാത്ത ഉദ്യോഗസ്ഥൻ കൂട്ടായ്മയ്ക്ക് മുന്നിൽ കീഴടങ്ങിയത്, മദ്യപാനിയായ ഭർത്താവിന്റെ പീഡനത്തിൽ നിന്നും മോചനം നേടിയത്, കടത്തിണ്ണയിൽ ഉറങ്ങിയവർക്ക് വീട് ലഭിച്ചത്.... ഓരോന്നും ഓരോ അനുഭവ സാക്ഷ്യങ്ങൾ. കുടുംബശ്രീ 12-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി മെയ് 25,26 തീയതികളിൽ മഹാരാജാസ് കോളേജിൽ നടന്ന പ്രത്യേക കൺവെൻഷനിലാണ് കുടും ബശ്രീ പ്രവർത്തകർതങ്ങളുടെ ഹൃദയസ്പർശിയായ അനുഭവങ്ങൾ പങ്കുവച്ചത്. ആവേശകരവും ചിന്തോദ്ദീപകങ്ങളും വേദനിപ്പിക്കുന്നവയുമായ അനുഭവങ്ങളുടെ വിവരണങ്ങൾ കേൾക്കുവാനും അതിനോടു പ്രതികരിക്കുവാനും ഡോ. ആർ.വി.ജി. മേനോൻ, ഡോ .കെ.പി. കണ്ണൻ, ലിഡാ ജേക്കബ്ബ്, ലീലാമേനോൻ, ഡോ. വിജയകുമാർ, ഡോ. രാമാകാന്തൻ എന്നിവരടങ്ങിയ വിദഗ്ദ്ധ പാനലും ഉണ്ടായിരുന്നു.

കുടുംബശ്രീയുടെ വരുംകാല പ്രവർത്തനം ചിട്ടപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബശ്രീയുടെ പഞ്ചായത്ത് നഗരസഭാതല സമിതിയായ 1061 സിഡിഎസുകളുടെ പ്രത്യേക കൺവെൻഷൻ ചേർന്നത്. സൂക്ഷ്മ സമ്പാദ്യം, സൂക്ഷ്മസംരംഭം, ബഡ്സ് സ്പെഷ്യൽ സ്കൂൾ, ആശ്രയ, ദേശീയ തൊഴിലുറപ്പ് പദ്ധതി, സംഘകൃഷി, സ്ത്രീപദവി സ്വയംപഠന പ്രക്രിയ, വിപണനം, ബാലസഭ, ഭവന പദ്ധതി എന്നീ പത്ത് ഗ്രൂപ്പുകളായി തിരിഞ്ഞാണ് ചർച്ച നടന്നത്. ഓരോ വിഷയത്തിലും വിവിധ സി ഡി എസുകൾ നടത്തിയ പ്രവർത്തനങ്ങൾ അവർ അവതരി പ്പിച്ചു.

പൈനാപ്പിൾ ജ്യൂസ് ആയ 'പൈൻശ്രീ' ടെട്രാ പായ്ക്കിൽ വിപണിയിൽ എത്തിച്ചതും പച്ചക്കറിയുടെ ബമ്പർ വിളവെടുപ്പു നടത്തിയ കാന്തല്ലൂരിന്റെ കഥകളും ആവേശകരമായ അനുഭവങ്ങളായി. അഗതി പുനരധിവാസ പദ്ധതിയായ ആശ്രയയിലൂടെ വീട് ലഭിച്ച 75കാരി സംരംഭം തുടങ്ങി വിജയിച്ചത് കുടുംബശ്രീയുടെ മറ്റൊരു വിജയകഥയായി. മകളുടെ വിവാഹത്തിനുള്ള പണം കടം കൊടുത്ത് സ്വർണ്ണം വാങ്ങാനാവാതെ ഒരു അച്ഛൻ ആത്മഹത്യ ചെയ്തതും കുടുംബശ്രീ പ്രവർത്തകർ ചേർന്ന് ആ വിവാഹം നടത്തിയതും സാമൂഹ്യ സേവനത്തിന്റെ പുത്തൻ മാനങ്ങളിലേയ്ക്ക് കുടുംബശ്രീ പ്രവർത്തകർ കടന്നു ചെന്നതിന്റെ തെളിവായി.

ഇത്തരത്തിൽ ഓരോ വിഷയത്തെക്കുറിച്ചുള്ള അനുഭവ കഥകൾ തങ്ങൾക്ക് നൽകിയത് പുത്തൻ പഠനാനുഭവങ്ങളാണെന്ന് പാനൽ അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ മുഖ്യ പങ്കാളിയായ കുടുംബശ്രീ സാമൂഹ്യ സാമ്പത്തിക ശാക്തീകരണ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുകയും വരും കാലങ്ങളിൽ കേരള സമൂഹത്തിലെ ഗുണപരമായ ഇടപെടൽ ശക്തിയായി കുടുംബശ്രീ മാറുമെന്ന് കൺവെൻഷനിൽ നടന്ന ചർച്ചകൾ വ്യക്തമാക്കി.



# ആവേശമുണർത്തി കുടുംബശ്രീ സംഗമം

ആഹ്ലാദത്തിന്റെ അലയൊലികൾ! ആവേശത്തിന്റെ നിമിഷങ്ങൾ! ഒരു വ്യാഴവട്ടം പൂർത്തിയാക്കിയ കുടുംബശ്രീ, അഭിമാനത്തോടെ നെഞ്ചിലേറ്റിയ 12-ാം പിറന്നാൾ. സ്ത്രീശാക്തീകരണത്തിന്റെ പുതിയ ഏടുകൾ രചിച്ച് കുടുംബശ്രീ 12 വർഷം പിന്നിടുമ്പോൾ സമൂഹത്തിന് നല്കിയത് കൂട്ടായ്മയുടെയും അധ്വാനത്തിന്റെയും പാഠങ്ങളാണ്. വർഷങ്ങൾക്കു മുമ്പ് മലപ്പുറത്ത് അന്നത്തെ പ്രധാനമന്ത്രി എ.ബി.വാജ്പേയ് ഉദ്ഘാടനം ചെയ്തതാണ് കുടുംബശ്രീ പ്രസ്ഥാനം. ഇന്ന്, കുടുംബശ്രീയുടെ പേരും പെരുമയും ഉയരങ്ങളിലാണ് എത്തിനിൽക്കുന്നത്. രാജേന്ദ്ര മൈതാനം മുതൽ മറൈൻഡ്രൈവ് വരെ പതിനായിരക്കണക്കിനു സ്ത്രീകൾ അണിനിരന്ന വർണാഭമായ റാലിയോടുകൂടിയാണ് സമ്മേളനം ആരംഭിച്ചത്. വാദ്യമേളങ്ങളും കലാപരിപാടികളും നാടൻ പാട്ടുകളും റാലിയ്ക്കു മിഴിവേകി.

"അടുക്കളതൊഴുത്തിലെ അടക്കമുള്ള മാടുകൾ പടക്കളത്തിലേക്കുയർന്നിതാ" എന്ന അഭിവാദ്യ ഗാനം സദസ്യർക്ക് ആവേശത്തിന്റെ നിമിഷങ്ങളാണ് സമ്മാനിച്ചത്. 1998ൽ മലപ്പുറത്ത് ആരംഭിച്ച കുടുംബശ്രീയുടെ നേട്ടങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരന്റെ റിപ്പോർട്ടവതരണം വ്യക്തമാക്കി. രണ്ടുലക്ഷത്തിലധികം അയൽക്കൂട്ടങ്ങൾ, 1374.66 കോടി രൂപയുടെ ലഘുസമ്പാദ്യങ്ങൾ, 884 ആശ്രയ അഗതി പുനരധിവാസ പദ്ധതികൾ, 994 കോടി രൂപയുടെ ബാങ്ക് വായ്പ, 2,32,220 വനിതാ കർഷകരും 60522 സംരംഭകരും, 9 ലക്ഷം അംഗങ്ങളുള്ള 50220 ബാലസഭകൾ എന്നിവ. കഴിഞ്ഞ നാലു വർഷത്തിനകം ദാരിദ്ര്യനിർമ്മാർ ജ്ജനത്തിന് 219 കോടി രൂപ ലഭ്യമാക്കി. 45 നഗരസഭകളിൽ 617 കോടിയുടെ ഭവന-ചേരി വികസന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

ത്രിതല പഞ്ചായത്തുകളിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള സ്ത്രീപദവി പഠനകേന്ദ്രങ്ങൾ, അയൽക്കൂട്ട സംവിധാനം, സംഘകൃഷി, ട്രൈബൽ ആശ്രയ പദ്ധതി, ഉത്തരവാദിത്വ ടൂറിസം പദ്ധതി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിങ്ങനെ നിരവധി വികസന പ്രവർത്തനങ്ങളുടെ ആവിഷ്ക്കാരം സ്ത്രീകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കി. എച്ച്.ഐ.വി എയ്ഡ്സ് ബാധിതരെ കണ്ടെത്താനുള്ള കുടുംബശ്രീയുടെ 'താഹ' പദ്ധതി ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. സ്ത്രീശാക്തീകരണത്തിലൂടെ സമൂഹത്തിന് പുരോഗതി കൈവരിയ്ക്കാനാകുമെന്ന് കഴിഞ്ഞ പന്ത്രണ്ടു വർഷത്തെ പരിശ്രമ ഫലമായി കുടുംബശ്രീ തെളിയിച്ചു കഴിഞ്ഞു. വളയിട്ട കൈകളിൽ വിപണിയും വഴങ്ങുമെന്ന് തെളിയിക്കുന്ന തോടൊപ്പം വരും വർഷങ്ങളിലും പ്രവർത്തനമേഖല കൂടുതൽ കാര്യക്ഷമവും ശക്തവുമാകുമെന്ന വിശ്വാസത്തിലാണ് കുടുംബശ്രീ സംരംഭകർ.

# സ്ത്രീശാക്തീകരണത്തിന്
## ഉത്തമമാതൃകയാണ് കുടുംബശ്രീ -വിദഗ്ധർ

സമൂഹത്തിൽ സ്ത്രീശാക്തീകരണത്തിന്റെ അനുപമ മാതൃകയാണ് കുടുംബശ്രീ എന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. കുടുംബശ്രീ ഏറ്റെടുത്ത പത്തു മേഖകളിലെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല അനുഭവസാക്ഷ്യങ്ങളുടെ അവലോകനം നടത്തിയ വിദഗ്ധ പാനലിന്റേതാണീ വിലയിരുത്തൽ.

വികസന ശാസ്ത്രജ്ഞനായ ഡോ. കെ.പി.കണ്ണൻ, മുൻ സാമൂഹികക്ഷേമവകുപ്പ് സെക്രട്ടറി ലിഡാ ജേക്കബ്, മുതിർന്ന പത്രപ്രവർത്തക ലീലാമേനോൻ, പരിസ്ഥിതി ശാസ്ത്രജ്ഞൻ ആർ.വി. ജി. മേനോൻ, കില ഡയറക്ടർ പ്രൊഫ. രമാകാന്തൻ എന്നിവരായിരുന്നു പാനൽ അംഗങ്ങൾ.

കുടുംബശ്രീ അംഗങ്ങളുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതോടൊപ്പം തൊഴിലുറപ്പിലെ ശരാശരി തൊഴിൽ ദിനം 35ൽ നിന്നും 100 ആയി ഉയർത്തണമെന്ന് ഡോ. കെ.പി. കണ്ണൻ അഭിപ്രായപ്പെട്ടു. വിള ഇൻഷുറൻസ് ഏറ്റെടുക്കുക; മറ്റു പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതികൾ ഏറ്റെടുക്കുക എന്നീ നിർദ്ദേശങ്ങളും അദ്ദേഹം നൽകി.

സ്ത്രീയുടെ അവകാശങ്ങൾ തിരിച്ചറിയണമെന്നും, അതിനോടനുബന്ധിച്ചുള്ള ബോധവൽക്കരണം സമൂഹത്തിൽ നടത്തണമെന്നും ലിഡാ ജേക്കബ് പറഞ്ഞു. പഞ്ചായത്തുതലങ്ങളെക്കൂടാതെ നഗരസഭാതലങ്ങളിലും കുടുംബശ്രീയ്ക്ക് ശക്തമായ മുന്നേറ്റം കാഴ്ചവെയ്ക്കാനത് സഹായിക്കുമെന്ന് ലിഡാ ജേക്കബ് കൂട്ടിച്ചേർത്തു.

വർദ്ധിച്ചുവരുന്ന ഗാർഹികപീഡനങ്ങളും സ്ത്രീപീഡനങ്ങളും ചെറുക്കുന്നതിൽ കുടുംബശ്രീയ്ക്ക് ശക്തമായി ഇടപെടാൻ കഴിയണമെന്ന് പത്രപ്രവർത്തകയായ ലീലാ മേനോൻ പറഞ്ഞു.

ഗ്രീൻ കേരള എക്സ്പ്രസിന്റെ വിധികർത്താവെന്ന നിലയിൽ കുടുംബശ്രീയുടെ ഫലവത്തായ പ്രവർത്തനങ്ങൾ അറിയാൻ കഴിഞ്ഞതായി വികസനശാസ്ത്രജ്ഞൻ ആർ.വി.ജി. മേനോൻ പറഞ്ഞു. പാട്ടകൃഷിയ്ക്ക് സംഘകൃഷി എന്ന് പേര് നൽകിയെങ്കിലും പാട്ടവ്യവസ്ഥയുടെ അനുഭവം ഒഴിവാക്കാൻ വ്യക്തമായ വ്യവസ്ഥ രൂപീകരിനക്കണമെന്നും അദ്ദേഹം പറഞ്ഞു. കുടുംബശ്രീയിലൂടെ സമൂഹത്തിന്റെ അടിത്തട്ടിൽ ഉണ്ടാകുന്ന മാറ്റം ജനങ്ങളിൽ എത്തിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വളരെക്കുറവാണെന്ന് പ്രൊഫ. രമാകാന്തൻ ചൂണ്ടിക്കാട്ടി. രണ്ട് ദിവസം നീണ്ടുനിന്ന ചർച്ച ജനകീയാസൂത്രണത്തിനും അധികാരവികേന്ദ്രീകരണത്തിനും മുൻതൂക്കം നൽകുന്നതായിരുന്നു.

**സൗജന്യ നിയമസഹായത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ നമ്പർ**
**9846700100**

## ഭക്ഷ്യപ്രദർശന - വിപണനമേള ശ്രദ്ധേയമായി



കുടുംബശ്രീ 12-ാം വാർഷികത്തിന്റെ ഭാഗമായി മറൈൻഡ്രൈവിൽ നടന്ന ഭക്ഷ്യപ്രദർശന- വിപണനമേള ശ്രദ്ധേയമായി. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറ്റി ഇരുപതോളം കുടുംബശ്രീ സംരംഭകരാണ് മേളയിൽ പങ്കെടുത്തത്. 60 സ്റ്റാളുകളിലായി ഏകദേശം 26 ലക്ഷം രൂപയുടെ വിറ്റുവരവാണ് ഉണ്ടായത്.

ജൈവകൃഷിയിലൂടെ ഉത്പാദിപ്പിച്ചെടുത്ത പച്ചക്കറികൾ, മാരാരിക്കുളം അട, ബ്രഹ്മി പായസം, നാളികേരത്തിൽ നിന്ന് ഉത്പാദിപ്പിച്ചെടുത്ത വിനാഗിരി, രാമച്ച ഉത്പന്നങ്ങൾ, സോപ്പ്, വിവിധതരം ബാഗുകൾ, കുടകൾ, വൈക്കോൽ കൊണ്ടുള്ള കരകൗശല വസ്തുക്കൾ, കല്ലുമ്മക്കായ, ആയൂർവേദ മരുന്നുകൾ എന്നിവ വിപണനമേളയിൽ ജനശ്രദ്ധ ആകർഷിച്ചു. ഭക്ഷ്യവിപണനമേള നഗരസഭ ഡെപ്യൂട്ടി മേയർ സി.കെ. മണിശങ്കറും പ്രദർശനം പത്രപ്രവർത്തകയായ ലീലാമേനോനും ഉദ്ഘാടനം ചെയ്തു. കൗൺസിലർ എ.ബി. സാബുവിന് ഉത്പന്നം നല്കിക്കൊണ്ടാണ് ആദ്യ വില്പനയുടെ ഉദ്ഘാടനം ഡെപ്യൂട്ടി മേയർ നിർവഹിച്ചത്.

വയനാട് ട്രൈബൽ ഫുഡിനും ഇടുക്കിയിലെ സ്ട്രോബറി ജാമിനുമായിരുന്നു ആവശ്യക്കാർ ഏറെ. മുളയരിപ്പായസം, മുളങ്കൂമ്പ് അച്ചാർ, കശുവണ്ടി ഉത്പന്നങ്ങൾ, പൈനാപ്പിൾ, ചക്കകൊണ്ടുള്ള പപ്പടം, ചക്കപ്പായസം എന്നിവ ഭക്ഷ്യമേളയിലെ ആകർഷണങ്ങളായിരുന്നു. വികസന പ്രക്രിയയിൽ കുടംബശ്രീയുടെ പങ്ക് വിളിച്ചോതുന്ന ചിത്രങ്ങളും പോസ്റ്ററുകളുമാണ് പ്രദർശനമേളയിൽ ഉൾപ്പെടുത്തിയത്. അതിൽ കുടുംബശ്രീ പ്രവർത്തകരുടെ അനുഭവകഥകളുടെ പോസ്റ്റർ പ്രദർശനം ഏറെ ശ്രദ്ധേയമായി വിപണനത്തിന്റെ നിറവിൽ കുടുംബശ്രീ പ്രവർത്തകരുടെ ഭക്ഷ്യപ്രദർശന വിപണനമേളമേള ഉത്സവാന്തരീക്ഷമാണ് സൃഷ്ടിച്ചത്.